

മാർച്ച് – 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

2022 ലെ മാരാമൺ കൺവൻഷൻ യോഗങ്ങൾ അനുഗ്രഹകരമായി പര്യവസാനിച്ചു. ഇതിന്റെ നടത്തിപ്പിൽ ആദ്യാവസാനം വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. പമ്പാനദിയുടെ മണൽപ്പരപ്പിൽ വചന പ്രഘോഷണം കഴിഞ്ഞ നൂറ്റി ഇരുപത്തിയേഴു വർഷമായി അനസ്യൂതം തുടരുന്നു എന്നത് എത്ര വലിയ അത്ഭുതം. രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക രംഗത്തെ മാറ്റങ്ങളെയും പ്രകൃതിയുടെ താളമാറ്റങ്ങളെയും കോവിഡ് പോലെയുള്ള മഹാമാരികളെയും അതിജീവിച്ചു മുന്നേറുന്ന കൂട്ടായ്മയാണ് ഇത് എന്നതും പ്രസ്താവ്യമത്രെ. അനേകായിരങ്ങൾ ലോകത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നും ഈ മഹായോഗത്തിന്റെ ഭാഗമായി. വചനത്തിന്റെ കാലികമായ വ്യാഖ്യാനങ്ങളെ വ്യത്യസ്ത സാമൂഹിക പരിസരങ്ങളിലുള്ളവരിലൂടെ ശ്രവിക്കുകയും അതിനനുസരിച്ചു ജീവിതത്തെ പുനഃക്രമീകരിക്കുകയും ചെയ്യുവാനുള്ള അവസരം വിശ്വാസ ജീവിതത്തിലെ അസുലഭ അവസരങ്ങളത്രെ. കൺവൻഷന് നേതൃത്വം നൽകിയ മാർത്തോമ്മ സുവിശേഷ പ്രസംഗസംഘം ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ, മറ്റു വിവിധ പ്രകാരേണ സഹായിച്ച എല്ലാവർക്കും പ്രത്യേകിച്ച് സംസ്ഥാന ഗവണ്മെന്റിനോടും ഉള്ള നന്ദിയെ പ്രകാശിപ്പിക്കുന്നു.

ഈ വർഷത്തെ മാരാമണ്ണിൽ നാം ശ്രവിച്ച വചനങ്ങൾ ഏറെ ചിന്തിപ്പിക്കുന്നതായിരുന്നു. സഭ കേവലം ഒരു സമുദായ സംഘടന അല്ലെന്നും പ്രത്യുത യേശുവിന്റെ ചൂടടയാളങ്ങൾ ശരീരത്തിൽ വഹിക്കേണ്ടുന്ന സമർപ്പിത സംഘം ആണെന്നും പല പ്രസംഗകരും നമ്മെ ഓർമ്മിപ്പിച്ചുവല്ലോ. വ്യക്തികളായി, സമൂഹങ്ങളായി ദൈവരാജ്യ വ്യാപനത്തെക്കുറിച്ചു ഭാരമുള്ളവരായി നാം മാറുമ്പോൾ സഭ ക്രിസ്തു സഭയായിത്തീരുമെന്നും ശ്രേണീബദ്ധമായ ജീവിതക്രമമല്ല പിന്നെയോ പാരസ്പരികതയുടെ ആഘോഷമാണ് സഭയിലൂടെ നിർവഹിക്കപ്പെടേണ്ടത് എന്നും നമ്മെ ഓർമ്മപ്പെടുത്തി. ദൈവ ശരീരമാകേണ്ടുന്ന സഭ എവിടെയൊക്കെ പരാജയപ്പെടുന്നു എന്നതും നാം മനസ്സിലാക്കി. അതിഥികളും ആതിഥേയരും എന്ന പരമ്പരാഗത ജീവിത ക്രമങ്ങളെയും ദൗത്യ മാതൃകകളെയും അനുകമ്പയിലൂന്നിയ പാരസ്പര്യ ദർശനങ്ങളാൽ നവീകരിക്കുമ്പോൾ രൂപപ്പെട്ടു വരുന്നതാണ് ദൈവ സഭ. നമ്മുടെയിടയിലെ അരികുവൽക്കരിക്കപ്പെടുന്നവരോടും അന്യവത്കരിക്കപ്പെടുന്ന പ്രകൃതിയോടും ഉള്ള ആത്മബന്ധത്തിൽ ദൈവ സഭയെ നമുക്ക് പണിയാം. നാം ശ്രവിച്ച ദൈവവചനം നമ്മിൽ മാനസാന്തരത്തിനും പുതുക്കത്തിനും രൂപാന്തരത്തിനും മുഖാന്തിരമാകുകയും ഒരു നവ ആദ്ധ്യാത്മികതയിലേക്ക് നമ്മെ നയിക്കുകയും ചെയ്യട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞകാലങ്ങളിൽ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി അനുഗൃഹീത നേതൃത്വം നല്കി. തിരുമേനിയോടുള്ള നന്ദി അറിയിക്കുന്നു. 2022 മാർച്ച് 1 മുതൽ തൽസ്ഥാനത്തേക്ക് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രോപ്പാലീത്താ തിരുമേനി നിയോഗിതനായിരിക്കുന്നു. തിരുമേനിയുടെ പുതിയ നിയോഗം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും ദൈവരാജ്യ വർദ്ധനവിനും മുഖാന്തിരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പട്ടക്കാരുടെ വാർഷിക കോൺഫറൻസ് ഫെബ്രുവരി 9, 10 തീയതികളിൽ ഓൺലൈനായി നടത്തപ്പെട്ടു. 'മാറുന്ന കാലം: വിടരുന്ന സഭ' എന്നതായിരുന്നു ചിന്താവിഷയം. നമ്മുടെ സാംസ്കാരിക, സാമ്പത്തിക, സാമൂഹിക പരിസരങ്ങളിലെ മാറ്റങ്ങൾ അനിവാര്യമാണ്. മാറ്റങ്ങളോടുള്ള നമ്മുടെ പ്രതികരണങ്ങളാണ് പ്രത്യേക പരിസരങ്ങളിലെ നമ്മുടെ പ്രസക്തി നിർണയിക്കുന്നത്. ലോകക്രമങ്ങളിൽ മഹാമാരി വരുത്തിവച്ച മാറ്റം സാമ്പത്തിക സാമൂഹിക അസമത്വങ്ങളെ വർധിപ്പിക്കുവാൻ ഇടയായി എന്നത്

ഏറെ ദുഃഖകരം. ഇത്തരം അസമത്വങ്ങളുടെ ഇരകളാകുന്നവരെ ചേർത്തുനിർത്തുന്ന പ്രവാചക ദൗത്യം ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നു. പ്രതിസന്ധികളുടെ മദ്ധ്യേ സഭകളിലും സഭയ്ക്കു പുറത്തും രൂപപ്പെട്ട അനുകമ്പയുടെയും കരുതലിന്റെയും സങ്കേതങ്ങളാണ് നമുക്ക് പുതുപ്രതീക്ഷ നൽകുന്നത്. കോഴി തന്റെ കുഞ്ഞുങ്ങളെ ചേർത്തുനിർത്തുന്നത് ദൈവസ്വഭാവം ആണെന്ന് മനസ്സിലാക്കുന്ന നാം നമ്മുടെ ജീവിത യാത്രയിലുടനീളം ചേർത്തുനിർത്തലിന്റെ സാക്ഷികളാകാം. ക്രൂശിന്റെ അനുഭവങ്ങളിലും രക്ഷയുടെ സാധ്യതയെ തന്നോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന് കാട്ടിക്കൊടുത്ത ക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ അടിത്തറ എന്നത് നാം മറക്കരുത്. ക്രൂശിനെ തന്റെ ജീവിത സാക്ഷ്യത്താൽ ഹരിതാഭമാക്കുന്ന ക്രിസ്തു മൂല്യച്യുതികളിൽ വറ്റിവരണ്ട ഈ ഭൂമിയിൽ നനുത്ത വെള്ളച്ചാലുകളാകുവാൻ സഭയെ നിയോഗിച്ചിരിക്കുന്നു. ആ വലിയ ദൗത്യം നാം ഏറ്റെടുക്കുമ്പോൾ സഭ വിരിയുക മാത്രമല്ല പിന്നെയോ പൂത്തുലഞ്ഞ് ഫലം കായിക്കുന്നതു കാണുവാൻ നമുക്കാകും. ഡോ. ജോർജ് സഖറിയ വിഷയാവതരണത്തിനും റവ. വി. എം. മാത്യു വേദപഠനത്തിനും നേതൃത്വം നൽകി.

ഉക്രെയിനിലെ സ്ഥിതിഗതികൾ അത്യന്തം സ്ഫോടനാത്മകമാണെന്ന് തെളിയിക്കുന്ന വാർത്തകളാണ് അനുദിനം നാം കേൾക്കുന്നത്. ദേശരാഷ്ട്ര സംവിധാനങ്ങളിലൂടെ സാമ്രാജ്യാധിപത്യത്തിന്റെ നവരൂപങ്ങൾ ശക്തമാകുന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണിത്. ഡൊണെറ്റ്സ്ക്, ലൂഹാൻസ്ക് എന്നീ പ്രവിശ്യകൾ ഉക്രെയിനിൽ നിന്നും സ്വതന്ത്രമാകാൻ ആഗ്രഹിച്ചിരുന്നതിനെ പുന്തുണച്ചു റഷ്യ സൈനിക സഹായം നൽകുകയും അവയെ സ്വതന്ത്ര രാഷ്ട്രങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തു എന്നതാണ് ആ മേഖലയിലുള്ള ഇപ്പോഴത്തെ പിരിമുറുക്കത്തിന് കാരണമായി ഉയർത്തിക്കാട്ടുന്നത്. ഉക്രെയിൻ – റഷ്യൻ വംശജർ തമ്മിലുള്ള സംഘർഷം മുതലെടുക്കുന്ന സാമ്രാജ്യാധിപത്യ ശക്തികൾ സാധാരണ ജനങ്ങളുടെ ജീവൻ വെച്ചാണ് രാഷ്ട്രീയം കളിക്കുന്നത്. ജനങ്ങളുടെ നന്മ എന്ന ലക്ഷ്യത്തോടെ രൂപം പ്രാപിച്ച ദേശരാഷ്ട്രങ്ങളുടെ പരിമിതി ഇവിടെ വെളിവാകുന്നു. ദേശീയത അടിച്ചേൽപ്പിക്കേണ്ട ഒന്നല്ല പ്രത്യുത വ്യത്യസ്തതകളുടെ സംവാദങ്ങളിലൂടെയും പരസ്പര കരുതലിന്റെ കരുത്തിലൂടെയും രൂപപ്പെടേണ്ട ഒരു വികാരമാണ്. സ്വന്തജനതയിൽ വിഭാഗീയത വളർത്തുന്ന അടിച്ചമർത്തലുകളും ഒഴിവാക്കലുകളും ഉണ്ടാകുമ്പോൾ അവിടെ സാമ്രാജ്യശക്തികൾ നേട്ടമുണ്ടാക്കും എന്ന് നാം മറക്കരുത്. ഇപ്പോൾ അവിടെ യുദ്ധാന്തരീക്ഷം കടുക്കുകയും സൈനിക നടപടി ആസന്നമാകുകയും ചെയ്തിരിക്കുന്നു. ഈ ലോകത്തെയാകെ ഭസ്മമാക്കാനുള്ള സംഹാര ശേഷിയുള്ള ആണവശക്തികൾ തമ്മിലാണ് ഏറ്റുമുട്ടാൻ പോകുന്നത് എന്നത് അത്യന്തം ഭീതിജനകമാണ്. ദൈവമെ, ലോകത്തും വിശേഷാൽ ഉക്രൈനിലും സമാധാനാന്തരീക്ഷം സംജാതമാക്കണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഈ തർക്കത്തിന് പരിഹാരം കാണുവാൻ ലോകരാജ്യങ്ങളും ഐക്യ രാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ തുടങ്ങിയ സമിതികളും മുന്നോട്ടിറങ്ങുമെന്നു നമുക്ക് വിശ്വസിക്കാം.

ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. സൂസപാക്യം സ്ഥാനം ഒഴിയുന്നു എന്ന് പ്രഖ്യാപിച്ചു. ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ആഴമായ ദൈവവിശ്വാസവും സാമൂഹ്യ പ്രതിബദ്ധതയും കൈമുതലായ സഭാ പിതാവാണ്. സ്വന്തസഭയിൽ മാത്രമല്ല കേരള സമൂഹത്തിനാകമാനം ഒരിക്കലും മറക്കാനാവാത്ത സംഭാവനകൾ നല്കിയാണ് അദ്ദേഹം വിരമിക്കുന്നത്. മഹാമാരിയുടെ രൗദ്ര താണ്ഡവത്തിൽ ആരോരും ഇല്ലാതെ തെരുവോരങ്ങളിലും നീണ്ട തീരദേശത്തും കഴിഞ്ഞിരുന്ന അശരണർക്ക് അദ്ദേഹം അത്താണിയും നിരാലംബർക്ക് ആശ്വാസവുമായിരുന്നു. വിസ്തൃതമായ ആ പ്രദേശത്ത് ആവശ്യക്കാരെ കണ്ടെത്തി ദിവസത്തിൽ ഒരു നേരമെങ്കിലും ആഹാരം എത്തിക്കുവാൻ അദ്ദേഹം ശ്രമിച്ചു. മാർത്തോമ്മാ സഭയുടെ ഒരു ഉറ്റ സുഹൃത്ത്കൂടിയായിരുന്നു ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. സൂസപാക്യം. തുടർന്നുള്ള ജീവിതത്തിൽ ആവശ്യമായ ദൈവകൃപ അദ്ദേഹത്തിന് നേരുന്നതിനോടൊപ്പം പുതിയ ആർച്ച് ബിഷപ്പായി നിയോഗിതനായിരിക്കുന്ന മോൺ. ഡോ. തോമസ് നെറ്റോയ്ക്ക് അനുമോദനങ്ങളും ഭാവുകങ്ങളും അർപ്പിക്കുന്നു.

ഈ വർഷം ആഗസ്റ്റ് – സെപ്തംബർ മാസങ്ങളിൽ ജർമ്മനിയിൽ നടക്കുവാനിരിക്കുന്ന സഭകളുടെ ലോക കൗൺസിൽ (WCC) ജനറൽ അസംബ്ലിയുടെ ചിന്താവിഷയം 'ക്രിസ്തുവിന്റെ സ്നേഹം ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കുന്നു' (Christ's Love Moves the World to Reconciliation and Unity) എന്നതാണ്. സഭയുടെ നാഥനായ ക്രിസ്തുവിന് ലോകത്തോടുള്ള അഗാധമായ സ്നേഹത്തിന്റെ പ്രകടനമായിരുന്നു തന്നെത്താൻ മരണത്തിന് ഏല്പിച്ചു കൊടുത്തത് എന്ന് അസംബ്ലിയുടെ ചിന്താവിഷയം നമ്മെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മെ സ്നേഹിച്ചതിന് പ്രതികരണമായി നാം ക്രിസ്തുവിനെയും അവനിലൂടെ ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തേയും സ്നേഹിക്കുവാനുള്ള അവകാശം നേടിയിരിക്കുന്നു. കൊരിന്ത്യർക്കുള്ള ലേഖനത്തിലൂടെ പൗലോസ് അപ്പോസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നത്, "ക്രിസ്തുവിന്റെ സ്നേഹം നമ്മെ നിർബ്ബന്ധിക്കുന്നു". അസംബ്ലിയുടെ ചിന്താവിഷയത്തെ ആസ്പദമാക്കി നമ്മുടെ ഇടവകകളിലും വിവിധ സ്ഥാപനങ്ങളിലും പഠന പരിപാടികൾ ക്രമീകരിക്കുന്നത് അഭികാമ്യമായിരിക്കും. കോവിഡാനന്തര ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കുവാൻ ക്രിസ്തുവിന്റെ സ്നേഹം നമ്മെ പ്രേരിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

മാർച്ച് മാസം 1 -ാം തീയതി മുതൽ അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ മുംബൈ ഭദ്രാസനത്തോടൊപ്പം ഡൽഹി ഭദ്രാസനത്തിന്റെയും അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രോപ്പാലീത്താ തിരുവനന്തപുരം - കൊല്ലം ഭദ്രാസനത്തോടൊപ്പം കൊട്ടാരക്കര - പുനലൂർ ഭദ്രാസനത്തിന്റെയും ചുമതല കൂടി നിർവ്വഹിക്കുകയാണല്ലോ. നമ്മുടെ എല്ലാ തിരുമേനിമാരെയും അവരുടെ ചുമതലാസ്ഥാനങ്ങളെയും പ്രത്യേകം പ്രാർത്ഥനയിലോർക്കാം. നമ്മുടെ സഭയിൽ കൂടുതൽ എപ്പിസ്ക്കോപ്പാമാരെ എടുക്കേണ്ടതിന്റെ ആവശ്യകത2022 ഫെബ്രുവരി മാസം 11-ാം തീയതി കൂടിയ സഭാ കൗൺസിൽ യോഗം ചർച്ച ചെയ്യുകയും 2022 സെപ്തംബർ മാസം 13, 14, 15 എന്നീ തീയതികളിൽ കൂടുന്ന സഭാ മണ്ഡലയോഗത്തിൽ 4 എപ്പിസ്ക്കോപ്പാമാരെ കൂടി തിരഞ്ഞെടുക്കണം എന്ന ഔദ്യോഗിക പ്രമേയം അവതരിപ്പിക്കുന്നതിനും, ആയത് സഭാ മണ്ഡലം പാസ്സാക്കുന്ന പക്ഷം എപ്പിസ്ക്കോപ്പൽ നോമിനേഷൻ ബോർഡിനെ തിരഞ്ഞെടുക്കുക എന്ന ഔദ്യോഗിക പ്രമേയം അവതരിപ്പിക്കുന്നതിനും തീരുമാനിച്ചു. സഭയുടെ സുപ്രധാനമായ ഈ ആവശ്യത്തിന്മേൽ പ്രാർത്ഥനാപൂർവ്വമായ സഹകരണം നല്കണമെന്നറിയിക്കുന്നു. സഭാ കൗൺസിലിന്റെ ആലോചനയോടും എപ്പിസ്ക്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടും റവ. ഡോ. ഈശോ മാത്യു, റവ. കെ. വൈ. ജേക്കബ്, റവ. മാത്യു ജോൺ എന്നീ മൂന്ന് വൈദീകരെ കൂടി വികാരി ജനറാളന്മാരായി നിയമിച്ചിരിക്കുന്നു. സഭയുടെ കാലോചിതമായ വളർച്ചയ്ക്കും ദൈവനാമമഹത്വത്തിനും ഈ നിയമനം മുഖാന്തരമാകട്ടെയെന്ന് പ്രാർത്ഥിക്കുകയും എല്ലാ ആശംസകളും അറിയിക്കുകയും ചെയ്യുന്നു.

കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ ഡെപ്യൂട്ടി കമ്മീഷണർ ആയി പ്രവർത്തിക്കുന്ന ശ്രീമതി. അന്ന ശോശാ തോമസ് IRS കേന്ദ്ര ധനമന്ത്രി കഴിഞ്ഞ മാസം പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റ് തയ്യാറാക്കുന്നതിൽ ഒരു നിർണ്ണായക പങ്കു വഹിച്ചു എന്നറിയുന്നത് സന്തോഷകരമാണ്. കോഴഞ്ചേരി സെന്റ് തോമസ് ഇടവകാംഗമായ ശ്രീമതി അന്ന തോമസിനെ അനുമോദിക്കുന്നു.

നമ്മുടെ സഭയിലെ സീനിയർ വൈദീകരിലൊരാളായ ബഹുമാനപ്പെട്ട റവ. എസ്. വി. ചെറിയാൻ അച്ചൻ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. തികഞ്ഞ ശാന്തതയോടും ദൈവകൃപയിൽ ശരണപ്പെട്ടും കർത്താവേല്പിച്ച ശുശ്രൂഷ മാതൃകാപരമായി നിർവ്വഹിച്ച ഒരു വൈദീക ശ്രേഷ്ഠനാണദ്ദേഹം. കർണ്ണാടകയിൽ നിന്നുള്ള ആദ്യ തദ്ദേശീയ മാർത്തോമ്മാ വൈദികൻ റവ. ജെ. ചിന്നദുരൈ അച്ചൻ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ലാളിത്യത്തോടും വിനയത്തോടും, ദൈവസ്നേഹത്തിലും പരിഭവം കൂടാതെയും ദൈവം തന്നെ എൽപ്പിച്ച ശുശ്രൂഷകൾ അനുഗ്രഹപ്രദമായി നിർവ്വഹിച്ച ഒരു പട്ടക്കാരനാണദ്ദേഹം. കർണ്ണാടകയിലെ ഒട്ടുമിക്ക മിഷൻ ഫീൽഡുകളിലും ജനങ്ങളോടൊപ്പം പാർത്ത് സുവിശേഷമായി അദ്ദേഹം ജീവിച്ചു. ഒരു കാലത്ത് മാർത്തോമ്മാ സഭയിലെ യുവജനങ്ങൾക്ക് മാതൃകാപരമായി നേതൃത്വം നല്കിയ ശ്രീ. റോയി നെല്ലിക്കാലാ നിര്യാതനായി. മാർത്തോമ്മാ സഭാകൗൺസിലംഗം, എപ്പിസ്ക്കോപ്പൽ നോമിനേഷൻ ബോർഡ് അംഗം എന്നീ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങൾ വഹിച്ചപ്പോൾ തന്നെ സഭകളുടെ അതിർവരമ്പുകൾക്കതീതമായി, വിവിധ വിശ്വാസ ധാരകളെ ഉൾചേർക്കുന്ന വിശാല എക്യുമെനിക്കൽ ദർശനം റോയി ഉയർത്തിപ്പിടിച്ചു. മുൻ സഭാകൗൺസിലംഗവും തെള്ളിയൂർ ശാലേം മാർത്തോമ്മാ ഇടവകാംഗവുമായ ശ്രീ. ലാലു തോമസ് നിര്യാതനായി. കുവൈറ്റിൽ ദീർഘകാലം പ്രവർത്തിച്ച ശ്രീ. ലാലു സഭയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്കും, ഇടവകകളുടെ വളർച്ചയ്ക്കും, നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയിട്ടുണ്ട്. ബാംഗ്ലൂർ ഹെബ്ബാൾ മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. കെ. ഒ. ചാക്കോ അന്തരിച്ചു. ബാംഗ്ലൂർ ഇടവകകളുടെയും ഹോസ്കോട്ട മിഷന്റെയും പ്രാരംഭ ഘട്ടത്തിൽ സഭാ നേതൃത്വത്തോടൊപ്പം സഞ്ചരിച്ച് നിശബ്ദ സേവനം കാഴ്ചവെച്ച വ്യക്തിയാണ് ചാക്കോച്ചൻ. ഈ പ്രീയപ്പെട്ടവരുടെ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും, ഇവരുടെ ദേഹ വിയോഗത്തിൽ മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

മാർച്ച് 1 അന്താരാഷ്ട്ര സിവിൽ ഡിഫെൻസ് ദിനമായി ആചരിക്കുന്നു. സമൂഹത്തിൽ നടമാടുന്ന വിവേചനങ്ങൾക്കെതിരെ മനുഷ്യ മനസാക്ഷിയെ ഉണർത്തുക എന്നതാണ് ഈ ദിനത്തിന്റെ ഉദ്ദേശ്യം. ജാതി, മത, വർണ്ണ, ലിംഗ, ഭാഷാ വ്യത്യാസങ്ങളുടെ പേരിൽ അനേകർ വിവേചനം അനുഭവിക്കുന്നു എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമാണ്. വനിതകളുടെമേൽ ലിംഗഭേദത്തിന്റെ ശ്രേണീബദ്ധക്രമങ്ങൾ അടിച്ചേൽപിക്കുന്ന പ്രവണത ഒട്ടും അഭിലഷണീയമല്ല. പരസ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമത്തെ സാധ്യമാക്കണം. ലിംഗഭേദങ്ങളുടെ മദ്ധ്യേ നീതിബോധത്തിലുറച്ച സമാധാന ജീവിതം സാധ്യമാക്കാനുള്ള ബാധ്യത ക്രിസ്തു നമ്മെ ഭരമേല്പിച്ചിരിക്കുന്നു.

മാർച്ച് മാസം നോമ്പുകാല മാസമാണ്. ആളത്വത്തിന് സൗഖ്യവും സമഗ്രതയും കണ്ടെത്താനും നിയോഗ ബോധ്യം പുതുക്കാനും നമ്മെ സഹായിക്കുന്ന വേദഭാഗങ്ങൾ ആണ് നാം ധ്യാനിക്കുന്നത്. മാർച്ച് മാസം 6-ാം തീയതി ഞായറാഴ്ച 'സാന്ത്വനം നല്കുന്ന സൗഖ്യം' എന്നതാണ് ചിന്താവിഷയം (വി. മർക്കോസ് 1: 40-45). യേശു മനസ്സലിഞ്ഞ് കുഷ്ഠരോഗിയെ കൈനീട്ടി തൊട്ട് സൗഖ്യമാക്കുമ്പോൾ, സാന്ത്വനത്തിന്റെ

സ്പർശനമാണ് ഉണ്ടായത്. കേവലം വൈകാരിക സാന്ത്വനം എന്നതിന്റെ അപ്പുറം, സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു പോയതിന്റെ കാരണത്തെ തന്നെ ഇല്ലാതാക്കി, യഥാസ്ഥാനപ്പെടുത്തുന്ന ശൈലിയാണ് കർത്താവ് കാട്ടിത്തരുന്നത്. മറ്റു വേദഭാഗങ്ങളും അതേ ശക്തീകരണം പങ്ക് വെയ്ക്കുന്നു. വചനം നമ്മെ ആഹ്വാനം ചെയ്യുന്നത് നോമ്പുകാലം, സാന്ത്വനം നൽകുന്ന ഉൾച്ചേരലുകളുടെ കാലമാകുന്നതിനാണ്.

മാർച്ച് 13-ാം തീയതി 'പാപമോചനത്തിലൂടെ ലഭിക്കുന്ന സൗഖ്യം' എന്ന വിഷയം ധ്യാനിക്കുന്നു. (വി. മർക്കോസ് 2: 1-12). പാപം മനുഷ്യരെ തളർത്തിക്കളയുന്നു. പാപമോചനം നൽകുന്ന യേശുവാണ് സുവിശേഷം. യേശുവിന്റെ അടുത്തേക്ക് പാപമോചനം ആവശ്യമുള്ളവരെ ആനയിക്കുക എന്നത് സഭയുടെ ഉത്തരവാദിത്വമാണ്. അതിന് തളർന്നു പോകുന്ന മനുഷ്യരെക്കുറിച്ച് കരുതൽ ഉള്ളവർ ആകണം. അവരെ ചുമലിൽ എടുക്കാനും, അവർക്ക് വിഭവങ്ങൾ പങ്കിട്ടു നൽകാനും തയ്യാർ ആകണം. പാപബോധം വരുത്താൻ ധാർമ്മികബലത്തോടെ ചേർത്ത് നിർത്തണം. പാപമോചനം പ്രാപിക്കാനും പാപമോചനം യേശുനാമത്തിൽ പകർന്നു കൊടുക്കുവാനും നമുക്ക് സാധിക്കേണ്ടതുണ്ടല്ലോ.

മാർച്ച് 20-ാം തീയതി 'സാർവത്രിക രക്ഷ ക്രിസ്തുവിൽ' എന്ന ധ്യാനവിഷയം നല്കപ്പെട്ടിരിക്കുന്നു (വി. മത്തായി 15: 21-28). സോർ, സീദോൻ പ്രദേശത്ത് നിന്ന് യേശുവിന്റെ സമീപത്തേക്ക് എത്തുന്ന സ്ത്രീ നിസ്സഹായതയുടെയും ദൈന്യതയുടെയും പ്രതീകമാണ്. വംശത്തിന്റെ പേരിലുള്ള അതിരുകൾ ഭേദിക്കുന്ന വിശ്വാസത്തിന്റെ ഉറപ്പാണ് ഈ വനിത. ക്രിസ്തുവിന്റെ രക്ഷ സകലർക്കും വേണ്ടിയുള്ളതെന്ന് ഈ സൗഖ്യസംഭവത്തിലൂടെ വെളിവാക്കപ്പെടുന്നു. ജാതി, മത, വംശീയ, ലിംഗ ഭേദങ്ങൾക്ക് അപ്പുറം ക്രിസ്തു സകലർക്കും രക്ഷ നൽകുന്നവൻ ആണ്. ദൈവത്തിനു മുഖപക്ഷമില്ല. യേശുവിന്റെ അടുത്ത് വരുന്നവർക്ക് രക്ഷ അനുഭവമാക്കുന്നതാണ് ഇന്നു ലോകത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം. ഈ വലിയ ദർശനത്തിൽ ഉറയ്ക്കുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്.

മാർച്ച് 27-ാം തീയതി 'ആളത്വത്തിന് പൂർണ്ണത നല്കുന്ന ക്രിസ്തു' വിനെ ധ്യാനിക്കുന്നു (വി. ലൂക്കോസ് 13: 10-17). ശബ്ബത്ത് നാൾ ബന്ധനം അഴിച്ചു വിടുന്ന ശുശ്രൂഷയിൽ വ്യാപരിക്കാനുള്ള നാൾ ആകുന്നുവെന്ന് കർത്താവ് പറഞ്ഞത് ശ്രദ്ധേയമാണ്. വളർച്ചയുടെ പൂർണ്ണസാധ്യതകളിലേക്ക് ഒരിക്കലും വരാൻ കഴിയാതെ ജീവിതനാളുകൾ തള്ളിനീക്കിയ കൂനിയായ സ്ത്രീയെ നിവർന്ന്നില്ക്കുവാനും ജീവിതാഭിമുഖീകരണം നടത്തുവാനും കർത്താവ് കഴിവുള്ളവളാക്കി. കൂനിയായിരുന്ന വനിതയ്ക്ക് നിവരുവാൻ കഴിയാതിരുന്നതിനാൽ കാഴ്ചയുടെ ചക്രവാളം പരിമിതമായിരുന്നു. കാണേണ്ടത് കാണാൻ കഴിയാത്ത ദർശന പരിധിയിൽ നിന്ന് സ്വാതന്ത്ര്യം നല്കുവാൻ ക്രിസ്തുവിന് മാത്രമെ കഴിയൂ.

പീഡിതർക്കും ബദ്ധന്മാർക്കും വിടുതലും, കുരുടന്മാർക്ക് കാഴ്ചയും അനുഭവമാക്കുന്ന കർത്താവിന്റെ പ്രസാദവർഷം നാം അനുഭവിക്കാനും മറ്റുള്ളവർക്ക് അത് അറിയിച്ച് കൊടുക്കുവാനും ദൈവാത്മവ്യാപാരം ഈ നോമ്പുനാളുകളിൽ നമ്മിൽ സമൃദ്ധമായി ഉണ്ടായിവരട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
26. 02. 2022

**നന്ദി**



സഭാതാരക ചെയർമാനായി
ശുശ്രൂഷകൾ പൂർത്തിയാക്കുന്ന
**അഭി. ജോസഫ് മാർ ബർന്നബാസ്**
**സഫ്രഗൻ മെത്രാപ്പോലീത്ത**

**സ്വാഗതം**



സഭാതാരക ചെയർമാനായി
നിയമിതനായ
**അഭി. ഡോ. മാത്യൂസ് മാർ**
**മക്കാറിയോസ് എപ്പിസ്കോപ്പാ**

**വികാരി ജനറാളന്മാരായി നിയോഗിതരായ**
**വന്ദ്യ വൈദികർക്ക് ആശംസകൾ**



**റവ. ഡോ. ഈശോ മാത്യു**



**റവ. കെ. വൈ. ജേക്കബ്**



**റവ. മാത്യു ജോൺ**